# موضوع الخطبة: عشر وقفات مع عيد الفطر
إعداد: ماجد بن سليمان الرسي

# വിഷയം:  ഈദുൽ ഫിത്ർ - പത്ത് ചിന്തകൾ
തയ്യാറാക്കിയത്: മാജിദ് ബിൻ സുലൈമാൻ അർ റസ്സി

مترجمة إلى اللغة المليبارية

ترجمها: سلسبيل بن عبد العزيز
طالب جامعة الملك خالد بأبها
sabeelsal43@gmail.com

قناة تلغرام
https://t.me/Malayalamkuthuba

ഒന്നാം ഖുത്ബ

അല്ലാഹുവിന്റെ അടിമകളെ,
മുറപ്രകാരം നിങ്ങൾ അവനെ സൂക്ഷിക്കുക. ഇസ്ലാമിന്റെ ബലവത്തായ കയറിൽ നിങ്ങൾ മുറുകെ പിടിക്കുക. ഈ മാസം നമ്മുക്ക് പൂർത്തീകരിച്ച് തന്നു എന്ന അനുഗ്രഹത്തിന് നിങ്ങൾ അല്ലാഹുവിന് ഹംദ് പറയുക. അതൊരു വലിയ അനുഗ്രഹം തന്നെയാണ്. അല്ലാഹു تعالى പറഞ്ഞു:

( وَلِتُكْمِلُوا الْعِدَّةَ وَلِتُكَبِّرُوا اللَّهَ عَلَىٰ مَا هَدَاكُمْ وَلَعَلَّكُمْ تَشْكُرُونَ )

നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും, നിങ്ങൾക്ക് നേർവഴി കാണിച്ചുതന്നതിന്റെപേരിൽ അല്ലാഹുവിന്റെ മഹത്വം നിങ്ങൾ പ്രകീർത്തിക്കുവാനും നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാനും വേണ്ടിയത്രെ (ഇങ്ങനെ കൽപിച്ചിട്ടുള്ളത്.

ഇതാ നാം എണ്ണപ്പെട്ട ദിനങ്ങൾ പൂർത്തിയാക്കിയിരുന്നു, അല്ലാഹുവിന് തക്ബീറുകൾ മുഴക്കുകയും ചെയ്തിരിക്കുന്നു, ഇനി നമ്മുക്ക് ചെയ്യാൻ ബാക്കി ഉള്ളത് ശുക്ർ എന്ന ഇബാദത്താണ്.

ഓ മുസ്ലിമീങ്ങളെ, അല്ലാഹു تعالى പറഞ്ഞത് എത്ര സത്യമാണ്!

( أَيَّامًا مَّعْدُودَاتٍ )

എണ്ണപ്പെട്ട ഏതാനും ദിവസങ്ങളിൽ മാത്രം.

എത്ര പെട്ടെന്നാണ് ഈ ദിനങ്ങൾ നമ്മിൽ നിന്ന് കടന്ന് പോയത്.

1- മുസ്ലിമീങ്ങളെ, നിങ്ങൾക്ക് മംഗളങ്ങൾ, ഇതാ നിങ്ങൾ ഈ മാസം നോമ്പ് അനുഷ്ടിച്ചിരിക്കുന്നു, രാത്രി നിസ്കരിച്ചിരിക്കുന്നു. നിങ്ങൾക്ക് മംഗളങ്ങൾ, ഇതാ ഇതിന്റെ അവസാനവും നിങ്ങൾ പൂർത്തീകരിച്ചിരിക്കുന്നു. അതേസമയം

ചില ആളുകൾക്ക് മരണം വന്നെത്തുകയും ഇത് പൂർത്തീകരിക്കാൻ സാധിച്ചിട്ടുമില്ല. അല്ലാഹുവിനാകുന്നു അവന്റെ എല്ലാ അനുഗ്രഹങ്ങൾക്കും സർവ്വ സ്തുതികളും.

2- മുസ്ലിമീങ്ങളെ, ഇസ്‌ലാമിന്റെ അഞ്ച് സ്തംഭങ്ങളിൽ ഒന്നായ നോമ്പ് പൂർത്തിയാക്കി നാം എത്തി നിൽക്കുന്ന ഈ സന്തോഷ വേളയിലെ ഈദിന്റെ പേരിൽ നിങ്ങൾക്ക് ആശംസകൾ. നിങ്ങൾ അല്ലാഹുവിന് തക്ബീറുകൾ മൊഴിയുന്നു, അവനെ ഇബാദത്തുകളിൽ ഏകനാക്കുന്നു, അവനെ പ്രകീർത്തിക്കുന്നു. ഇൻ ഷാ അല്ലാഹ് നിങ്ങളുടെ നന്മകൾ വർധിച്ചിരിക്കുന്നു, പാപങ്ങൾ പൊറുക്കപ്പെട്ടിരിക്കുന്നു, സ്ഥാനങ്ങൾ ഉയർത്തപ്പെട്ടിരിക്കുന്നു.

3- അല്ലാഹുവിന്റെ അടിമകളെ, രണ്ട് മഹത്തായ സന്ദർഭങ്ങളിലായി അവൻ നമ്മുക്ക് രണ്ട് ആഘോഷങ്ങൾ നിർണ്ണയിച്ചു തന്നിരിക്കുന്നു. നോമ്പ് പൂർത്തിയാക്കിയതിന് ശേഷമുള്ള ഈദുൽ ഫിത്തറും, ഹജ്ജിന് ശേഷമുള്ള ഈദുൽ അദ്ഹയും. നമ്മുടെ ആഘോഷങ്ങൾ നമ്മുടെ ദീനിന്റെ ഭാഗമാണ്, അവ ഇബാദത്തുകളാണ്, നിസ്കാരവും തക്ബീറുകളുമാണ്, സകാത്തുൽ ഫിത്തറും നഫ്സിന്റെ സംസ്കരണവുമാണ്, ആനന്ദവും കുടുംബ ബന്ധങ്ങൾ ചേർക്കലുമാണ്, പരസ്പരമുള്ള സന്ദർശനങ്ങളും സ്നേഹവുമാണ്, കഴിഞ്ഞുപോയ എല്ലാത്തിനുമുള്ള വിട്ടുവീഴ്ചയും ബന്ധങ്ങളെ പുതുക്കളുമാണ്, വിദ്വേഷവും വെറുപ്പുമെല്ലാം നാം മറക്കുന്നു. അടുത്ത ബന്ധക്കാരുമായിട്ടോ കൂട്ടുകാരുമായിട്ടോ വെറുപ്പോ ബന്ധങ്ങളിൽ വിള്ളലുകളോ ഉള്ളവരെല്ലാം ഈ ഈദ് ദിനത്തെ അതെല്ലാം മാറ്റിവെച്ച് ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനുള്ള ഒരവസരമായി എടുക്കേണ്ടതുണ്ട്.

4- ഓ വിശ്വാസികളെ, നിങ്ങൾക്ക് മംഗളങ്ങൾ. ശിർക്കിന്റെയും വഴികേടിന്റെയും ആളുകളുടെ തിന്മകളും അല്ലാഹുവിൽ നിന്നുള്ള അകൽച്ചയും മാത്രം സമ്മാനിക്കുന്ന അആഘോഷങ്ങൾ പോലെയല്ല നമ്മുടെ ഈ ആഘോഷങ്ങൾ.

അല്ലാഹുവിന്റെ അടിമകളെ, അവന്റെ ഈ കാരുണ്യങ്ങളെക്കൊണ്ട് നിങ്ങൾ സന്തോഷിച്ചു കൊള്ളുക. അല്ലാഹു تعالى പറഞ്ഞിരിക്കുന്നു:

( قُلْ بِفَضْلِ اللَّهِ وَبِرَحْمَتِهِ فَبِذَٰلِكَ فَلْيَفْرَحُوا هُوَ خَيْرٌ مِّمَّا يَجْمَعُونَ )

പറയുക: അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും കാരുണ്യം കൊണ്ടുമാണത്. അതുകൊണ്ട് അവർ സന്തോഷിച്ചു കൊള്ളട്ടെ. അതാണ് അവർ സമ്പാദിച്ചു കൂട്ടികൊണ്ടിരിക്കുന്നതിനെക്കാൾ ഉത്തമമായിട്ടുള്ളത്.

അവനോട് വർദ്ധനവിനെ ചോദിച്ചുകൊള്ളുക.

5- മുസ്ലിമീങ്ങളെ, നിങ്ങൾ ഭംഗി സ്വീകരിക്കുക, സുഗന്ധങ്ങൾ ഉപയോഗിക്കുക. ഇമാം മാലിക് رحمه الله പറഞ്ഞു: "എല്ലാ ഈദിലും അലങ്കാരവും സുഗന്ധങ്ങളും സ്വീകരിക്കുന്ന മുസ്തഹബ്ബായ കാര്യമാണ് എന്ന് പണ്ഡിതന്മാർ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്."[1]

6- ഓ വിശ്വാസികളെ, നിങ്ങളുടെ ഹൃദയങ്ങളും ഭവനങ്ങളും തുറന്നിരിക്കട്ടെ, റമദാനിൽ ചെയ്ത കർമ്മങ്ങൾ സ്വീകരിക്കപ്പെടാൻ പരസ്പരം പ്രാർത്ഥിക്കുക, പരസ്പരം ആശംസകൾ നേരുക, സ്വഹാബാക്കൾ പരസ്പരം ഇപ്രകാരം പറയാറുണ്ടായിരുന്നു:

تقبل الله منا ومنكم

നമ്മിൽ നിന്നും നിങ്ങളിൽ നിന്നും അല്ലാഹു സ്വീകരിക്കട്ടെ

7- മുസ്ലിമീങ്ങളെ, കഴിഞ്ഞു പോയതെല്ലാം മാപ്പു ചെയ്ത് നൽകുക എന്നത് ഉത്തമമായ ഇബാദത്തുകളിൽ പെട്ടതാണ്, അങ്ങനെ ചെയ്ത് നൽകുന്നവർക്ക് അല്ലാഹു അളവ് നിശ്ചയിക്കാത്ത പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു. അവൻ പറഞ്ഞു:

( فَمَنْ عَفَا وَأَصْلَحَ فَأَجْرُهُ عَلَى اللَّهِ )

എന്നാൽ ആരെങ്കിലും മാപ്പുനൽകുകയും രഞ്ജിപ്പുണ്ടാക്കുകയും ആണെങ്കിൽ അവന്നുള്ള പ്രതിഫലം അല്ലാഹുവിന്റെ ബാധ്യതയിലാകുന്നു.

പ്രതിഫലം അവൻ വാഗ്ദാനം ചെയ്തു എന്നാൽ അളവ് നിശ്ചയിച്ചില്ല, അതിനാൽ ഇതൊരു മഹത്തായ കർമ്മം തന്നെയാണ്.

വിശ്വാസികളെ, സ്വന്തത്തിന്റെ സംസ്കരണവും ശുദ്ധീകരണവും മഹത്തായ ഇബാദത്തുകളിൽ പെട്ടതാണ്, അങ്ങനെ സംസ്കരിച്ചെടുക്കുന്നവർക്ക് അല്ലാഹു വിജയം നൽകുന്നതാണ്. അവൻ പറഞ്ഞു:

( قَدْ أَفْلَحَ مَن زَكَّاهَا )

തീർച്ചയായും അതിനെ (അസ്തിത്വത്തെ) പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു.

( وَقَدْ خَابَ مَن دَسَّاهَا )

അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു.

---

[1] شرح البخاري لابن رجب

അല്ലാഹുവിന്റെ അടിമകളെ, വെറുപ്പും വിദ്വേഷങ്ങളുമെല്ലാം മനസുകളിൽ നിന്ന് കഴുകി കളയുക എന്നതും നമ്മുടെ സാമൂഹിക ബന്ധങ്ങൾ പുതുക്കുകയും ഉറപ്പിക്കുകയും ചെയ്യുക എന്നതുമെല്ലാം ഈ ഈദ് ദിനത്തിലെ സന്തോഷത്തെ വർധിപ്പിക്കുന്നതാണ്. വേർപ്പെട്ടു നിൽക്കുന്ന ഭാര്യഭർത്താക്കന്മാർക്കിടയിലും അകന്നുപോയ രണ്ട് ഹൃദയങ്ങൾക്കിടയിലുമെല്ലാം രഞ്ജിപ്പുണ്ടാക്കി അല്ലെങ്കിൽ കടം വിട്ടുനൽകിക്കൊണ്ടെല്ലാം ആ കുടുംബങ്ങളെ സന്തോഷജീവിതത്തിലേക്ക് തിരികെയെത്തിക്കുന്നവർക്ക് മംഗളങ്ങൾ.

## രണ്ടാം ഖുത്ബ

അല്ലാഹുവിന്റെ അടിമകളെ,
8- നിങ്ങളറിയുക, നമ്മുടെ സൽപ്രവർത്തങ്ങളുമായി അല്ലാഹുവെ കണ്ടുമുട്ടുന്ന ദിവസമാണ് ഏറ്റവും വലിയ സന്തോഷത്തിന്റെ ദിവസം.
അവിടെ വെച്ച് സ്വർഗ്ഗനിവാസികളെ അല്ലാഹു വിളിക്കുന്നതാണ്. അവർ ഉത്തരം പറയും: "നിന്റെ വിളിക്കിതാ നാം ഉത്തരം നൽകിയിരിക്കുന്നു." അങ്ങനെ അല്ലാഹു ചോദിക്കും: "നിങ്ങൾ തൃപ്തരാണോ?" അവർ പറയും:"നിന്റെ മറ്റു സൃഷ്ടികൾക്കൊന്നും നീ നൽകാത്തത് നമ്മുക്ക് നൽകി എന്നിരിക്കെ നമ്മൾ എങ്ങനെ തൃപ്തരല്ലാതിരിക്കും അല്ലാഹുവെ!" അല്ലാഹു പറയും: "അതിനേക്കാളെല്ലാം മഹത്തായത് ഞാൻ നിങ്ങൾക്ക് നൽകാൻ പോകുകയാണ്." അവർ പറയും:"ഇതിനേക്കാളെല്ലാം മഹത്തായി മറ്റെന്താണ് റബ്ബേ ഉള്ളത്?" അല്ലാഹു പറയും: "എന്റെ തൃപ്തി ഞാൻ നിങ്ങൾക്ക് നൽകിയിരിക്കുന്നു, ഇനി ഒരിക്കലും ഞാൻ നിങ്ങളോട് ദേഷ്യപ്പെടുകയില്ല."[2]

9- വിശ്വാസികളെ, നാം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന വഴി ശരിയാക്കാനുള്ള അവസരമായിരുന്നു റമദാൻ. അല്ലാഹു تعالى യും ആയുള്ള നമ്മുടെ ബന്ധത്തെ ശക്തിപ്പെടുത്താനുള്ള അവസരവുമായിരുന്നു റമദാൻ. അതുകൊണ്ട് നാം ഇബാദത്തുകളിലായിത്തന്നെ തുടരുക. ഇബാദത്തുകൾ റമദാനിന്റെ അവസാനത്തോട് കൂടി കഴിയുന്നതല്ല, പകരം മരണത്തോട് കൂടി മാത്രമാണ് അവ നിലയ്ക്കുന്നത്. അല്ലാഹു പറഞ്ഞത് പോലെ:

( وَاعْبُدْ رَبَّكَ حَتَّىٰ يَأْتِيَكَ الْيَقِينُ )

---

[2] رواه البخاري ومسلم من حديث أبي سعيد الخدريّ رضي الله عنه

ഉറപ്പായ കാര്യം (മരണം) നിനക്ക് വന്നെത്തുന്നത് വരെ നീ നിന്റെ രക്ഷിതാവിനെ ആരാധിക്കുകയും ചെയ്യുക.

നബി ﷺ പറഞ്ഞു: "അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള പ്രവർത്തനങ്ങൾ സ്ഥിരതയുള്ളവയാണ്, കുറച്ചാണെങ്കിലും."[3]

മുസ്ലിമീങ്ങളെ, റമദാനിന് ശേഷവും സൽകർമ്മങ്ങൾ സ്ഥിരതയോട് കൂടി പ്രവർത്തിക്കുക എന്നത് തൗഫിഖ് നൽകപ്പെട്ടിരിക്കുന്നു എന്നതിന്റെയും കർമ്മങ്ങൾ സ്വീകരിക്കപ്പെട്ടിരിക്കുന്നു എന്നത്തിന്റെയും സൂചനയാണ്. എന്നാൽ ഇത്തരത്തിൽ പ്രത്യേകത നൽകപ്പെട്ട ദിനങ്ങളിൽ മാത്രം കർമ്മങ്ങളിൽ ഉത്സാഹം കാണിക്കുക എന്നത് അറിവിലേയും തൗഫീഖിലെയും കുറവിനെയാണ് കാണിക്കുന്നത്. റമദാനിന്റെ റബ്ബ് തന്നെയാണ് മറ്റെല്ലാ മാസങ്ങളുടെയും റബ്ബ്. റമദാനിൽ മാത്രം ഇബാദത്തുകളിൽ ഉത്സാഹം കാണിക്കുന്ന ഒരുവനെ കുറിച്ച് മുൻകാമികളിൽ പെട്ട ഒരാളോട് ചോദിക്കപ്പെട്ടു, അദ്ദേഹം പറഞ്ഞു: "എത്ര നീചരാണവർ, റമദാനിൽ മാത്രമല്ലാതെ അവർ അല്ലാഹുവിനെ അറിയുന്നില്ല."

വിശ്വാസികളെ, 'ഖാനിതീങ്ങളിൽ' ഉൾപ്പെടുക എന്നത് ഒരു മുസ്ലിമിന്റെ വിശേഷണങ്ങളിൽ പെട്ട ഏറ്റവും നല്ല വിശേഷണമാണ്. ഇബാദത്തുകളിൽ സ്ഥിരതരായി തുടരുന്നവർക്കാണ് ഖാനിതീങ്ങൾ എന്ന് പറയുക. അല്ലാഹു ഇങ്ങനെ ഉള്ളവരെ പ്രശംസിച്ചിട്ടുണ്ട്. അവൻ പറഞ്ഞു:

إِنَّ الْمُسْلِمِينَ وَالْمُسْلِمَاتِ وَالْمُؤْمِنِينَ وَالْمُؤْمِنَاتِ وَالْقَانِتِينَ وَالْقَانِتَاتِ وَالصَّادِقِينَ وَالصَّادِقَاتِ وَالصَّابِرِينَ وَالصَّابِرَاتِ وَالْخَاشِعِينَ وَالْخَاشِعَاتِ وَالْمُتَصَدِّقِينَ وَالْمُتَصَدِّقَاتِ وَالصَّائِمِينَ وَالصَّائِمَاتِ وَالْحَافِظِينَ فُرُوجَهُمْ وَالْحَافِظَاتِ وَالذَّاكِرِينَ اللَّهَ كَثِيرًا وَالذَّاكِرَاتِ أَعَدَّ اللَّهُ لَهُم مَّغْفِرَةً وَأَجْرًا عَظِيمًا

(അല്ലാഹുവിന്) കീഴ്പെടുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, വിശ്വാസികളായ പുരുഷൻമാർ, സ്ത്രീകൾ, 'ഖാനിതീങ്ങളായ' പുരുഷൻമാർ, സ്ത്രീകൾ, സത്യസന്ധരായ പുരുഷൻമാർ, സ്ത്രീകൾ, ക്ഷമാശീലരായ പുരുഷൻമാർ, സ്ത്രീകൾ വിനീതരായ പുരുഷൻമാർ, സ്ത്രീകൾ, ദാനം ചെയ്യുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, വ്രതമനുഷ്ഠിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, തങ്ങളുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, ധാരാളമായി അല്ലാഹുവെ ഓർമിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ - ഇവർക്ക് തീർച്ചയായും അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിരിക്കുന്നു.

[3] رواه البخاري من حديث عائشة رضي الله عنها

10- അല്ലാഹുവിന്റെ അടിമകളെ, റമദാനിന് ശേഷം ശവ്വാലിലെ ആറ് ദിവസങ്ങൾ കൂടി നോമ്പ് അനുഷ്ഠിക്കുക എന്നത് ഏറെ പ്രാധാന്യമുള്ള സുന്നത്താണ്. ആ നോമ്പിന് അല്ലാഹു നിശ്ചയിച്ച പ്രതിഫലം വളരെ വലുതാണ്. അബൂ അയ്യൂബ് رضي الله عنه ഉദ്ധരിക്കുന്ന ഹദീഥിൽ വന്നത് പോലെ, റസൂലുല്ലാഹി ﷺ പറഞ്ഞു:
"ആരാണോ റമദാനിലെ നോമ്പ് അനുഷ്ഠിക്കുകയും അതിനെ തുടർന്ന് ശവ്വാലിലെ ആറ് നോമ്പ് അനുഷ്ഠിക്കുകയും ചെയ്തത്, ഒരു വർഷം മുഴുവൻ നോമ്പ് അനുഷ്ഠിച്ചത് പോലെയാണ് അത്."[4]

ശവ്വാലിലെ ഈ ആറ് നോമ്പുകൾക്ക് പിന്നിലുള്ള മറ്റൊരു ലക്ഷ്യം, അത് നിർബന്ധമായ റമദാനിലെ നോമ്പുകളിൽ വന്ന വീഴ്ചകൾക്കുള്ള പരിഹാരം കൂടിയാണ് എന്നതാണ്. കാരണം, എങ്ങനെയൊക്കെ ആയാലും വല്ല വീഴ്ചകളും പാപങ്ങളുമെല്ലാം നിർബന്ധ നോമ്പിൽ വന്നുപോയിട്ടുണ്ടാകും, എന്നാൽ ഈ സുന്നത്ത് നോമ്പുകൾ അവയെ പരിഹരിക്കും.

തയ്യാറാക്കിയത് : മാജിദ് ബ്നു സുലലമാൻ അർറസ്സി .
ഹി. 1442 ശവ്വാൽ 1.
ജുലബൽ, സുഊദി അറേബിയ .
വാട്സ്ആപ്പ്: 00966505906761

[4] رواه مسلم من حديث أبي أيوب الأنصاري رضي الله عنه